# വിക്കിപീഡിയ
# സർവവിജ്ഞാനകോശം

ഇന്റർനെറ്റിലെ വിവരങ്ങളെല്ലാം ഇംഗ്ലീഷ് ഭാഷയിൽ രേഖപ്പെടുത്തപ്പെട്ടവയായിരുന്നതിനാൽ ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് വിവര ശേഖരണം പ്രയാസകരമായിരുന്നു. എന്നാൽ, നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ തന്നെ വിവരങ്ങൾ ശേഖരിക്കാനും , നമുക്കറിയാവുന്ന ഏത് വിവരങ്ങളും മറ്റുള്ളവർക്കായി പകർന്നു നൽകാനും സാധിക്കുന്ന ഇന്റർനെറ്റിലെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച വിവരവിജ്ഞാന കോശമാണ് വിക്കിപീഡിയ. ഇന്റർനെറ്റിലെ ആധികാരിക വിവര ശേഖരണ വെബ്സൈറ്റായ വിക്കിപീഡിയയിൽ നിന്ന് മലയാളമടക്കം 14 ഭാരതീയ ഭാഷകളിൽ ഇന്ന് വിവരങ്ങൾ ലഭ്യമാണ്.

**അക്ബറലി ചാരങ്കാവ്**

മനുഷ്യജീവിതത്തിൽ കമ്പ്യൂട്ടറിന്റേയും ഇന്റർനെറ്റിന്റേയും സ്വാധീനം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണല്ലോ. വിവര സാങ്കേതിക രംഗത്ത് വിപ്ലവം സൃഷ്ടിച്ച ഇന്റർനെറ്റിലെ നൂതന സംരംഭമായ വിക്കിപീഡിയയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. വിവര ശേഖരണത്തിന്റേയും പങ്കുവെക്കലിന്റേയും മുഖ്യ ഉപാധിയായി ഇന്റർനെറ്റ് മാറിക്കഴിഞ്ഞു. പക്ഷേ, ഇന്റർനെറ്റിലെ വിവരങ്ങളെല്ലാം ഇംഗ്ലീഷ് ഭാഷയിൽ രേഖപ്പെടുത്തപ്പെട്ടവയായിരുന്നതിനാൽ ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് വിവര ശേഖരണം പ്രയാസകരമായിരുന്നു. എന്നാൽ, നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ തന്നെ വിവരങ്ങൾ ശേഖരിക്കാനും , നമുക്കറിയാവുന്ന ഏത് വിവരങ്ങളും മറ്റുള്ളവർക്കായി പകർന്നു നൽകാനും സാധിക്കുന്ന ഇന്റർനെറ്റിലെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച വിവരവിജ്ഞാന കോശമാണ് വിക്കിപീഡിയ. ഇന്റർനെറ്റിലെ ആധികാരിക വിവര ശേഖരണ വെബ്സൈറ്റായ വിക്കിപീഡിയയിൽ മലയാളമടക്കം 14 ഭാരതീയ ഭാഷകളിൽ ഇന്ന് വിവരങ്ങൾ ലഭ്യമാണ്.




## വിക്കിപീഡിയ

ഉപഭോക്താക്കൾക്ക് വിവരങ്ങൾ ശേഖരിക്കാനും ആവശ്യമെങ്കിൽ വിവരങ്ങൾ പങ്കുവെക്കാനും തെറ്റു തിരുത്താനും അനുവാദമുള്ള വെബ്സൈറ്റുകളാണ് വിക്കികൾ. എന്നാൽ, ഒരാൾ തെറ്റായ വിവരങ്ങൾ ആണ് രേഖപ്പെടുത്തിയതെങ്കിൽ മറ്റൊരു വിക്കിപീഡിയ വളണ്ടിയർ അത് ഉടനെ തിരുത്തുകയും കൂടുതൽ വിജ്ഞാന സമ്പുഷ്ടമാക്കുകയും ചെയ്യും. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ റിച്ചാർഡ് സ്റ്റാൾമാൻ ആണ്. 1999ൽ ആർക്കും എഴുതാവുന്ന ഒരു സ്വതന്ത്ര വിജ്ഞാനകോശം എന്ന ആശയം മുന്നോട്ടു വെച്ചത്. തുടർന്ന് 2001ൽ പ്രമുഖ സോഫ്റ്റ്‌വെയർ വിദഗ്ധനായ ജിമ്മിൽ വെയ്ൽസ്, ലാറി സേഞ്ചർ എന്നിവരാണ് ഇത് തുടങ്ങിവെച്ചത്. ഹവായിയൻ ഭാഷയിലെ 'വേഗത്തിൽ' എന്ന അർഥം വരുന്ന പദമാണ് വിക്കി.

## മലയാളം വിക്കിപീഡിയ

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും നിലവാരമുള്ള ഭാഷാ വിക്കിപീഡിയ മലയാളം വിക്കിപീഡിയയാണ്. അന്തർദേശീയ വിഷയങ്ങൾ മാത്രമല്ല, കേരളത്തിലെ പ്രാദേശിക വിവരങ്ങൾ വരെ ഇന്ന് മലയാളം വിക്കിപീഡിയയിൽ ലഭ്യമാണ്. സ്വദേശത്തും വിദേശത്തുമുള്ള ധാരാളം മലയാളികളാണ് ഈ വിക്കിപീഡിയയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നത്. ഇന്ന് കേരളത്തിലെ മിക്ക സ്കൂളുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാണെന്നതിനാൽ വലിയ പണച്ചെലവില്ലാതെ വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രോജക്ടിനാവശ്യമായ ഏത് വിവരങ്ങളും ലേഖനങ്ങളും ചിത്രങ്ങളുമൊക്കെ ഇതിലൂടെ ലഭ്യമാകും.

## വിവര ശേഖരണം എങ്ങനെ?

വിക്കിപീഡിയയിൽ നിന്ന് വിവരം ശേഖരിക്കുന്നത് പ്രയാസമുള്ള കാര്യമല്ല. ഉദാഹരണമായി പത്താം തരത്തിലെ സാമൂഹ്യശാസ്ത്രത്തിലെ ഒമ്പതാമത്തെ അധ്യായമായ 'ആധുനിക കേരളത്തിലേക്ക്' എന്ന പാഠഭാഗത്തിലെ മലബാർ കലാപങ്ങൾ സംബന്ധിച്ച് വിക്കിപീഡിയയിൽ നിന്ന് എങ്ങനെ വിവരം ശേഖരിക്കുമെന്ന് നോക്കാം.

ഏതെങ്കിലും വെബ് ബ്രൗസർ തുറന്ന ശേഷം (eg:Internet explorer, Mozilla firefox,opera, Google chroma)അഡ്രസ് www.mlwikipedia.org ടൈപ്പ് ചെയ്ത് Enter അമർത്തുക.

അൽപ സമയത്തിനകം മലയാളം വിക്കിപീഡിയയുടെ പ്രധാന താൾ തുറന്നു വരും. മലയാളത്തിൽ കാണാൻ കഴിയുന്നില്ലെങ്കിൽ മലയാളം സപ്പോർട്ട് ചെയ്യാനുതകുന്ന ഫോണ്ടുകൾ നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇല്ല എന്നതാണർത്ഥം. ഇത് പരിഹരിക്കാനായി കാർത്തിക, രചന, മീര തുടങ്ങിയ ഫോണ്ടുകളിലേതെങ്കിലും കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്താൽ മതി.

പ്രധാന താളിന്റെ ഇടതുവശത്തായി കാണപ്പെടുന്ന തിരയുക എന്ന സെർച്ച് ബോക്സിൽ മലബാർ കലാപം എന്ന് ടൈപ്പ് ചെയ്യുക. തിരയുക എന്ന ബട്ടണിന്റെ തൊട്ടു താഴെ കാണുന്ന മലയാളത്തിലെഴുതുക എന്ന റേഡിയോ ബട്ടൺ ടിക്ക് ചെയ്താൽ മലയാളത്തിലെഴുതാൻ സാധിക്കും. Malabar kalapam എന്ന് ടൈപ്പ് ചെയ്യുമ്പോൾ മലയാളത്തിൽ തന്നെയാണ് ഇവിടെ പ്രത്യക്ഷപ്പെടുക. ശേഷം തിരയൂ എന്ന ബട്ടണിൽ അമർത്തുന്നതോടെ മലബാർ കലാപവുമായി ബന്ധപ്പെട്ട വിവരങ്ങളും ചിത്രങ്ങളും പ്രത്യക്ഷപ്പെടും.

ലേഖനത്തിലുടനീളം കാണുന്ന നീല നിറത്തിലുള്ള വാക്കുകൾ ഹൈപ്പർലിങ്കുകളെയാണ് സൂചിപ്പിക്കുന്നത്. ഇതിൽ ഏതെങ്കിലും ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട ലേഖനങ്ങൾ നമുക്ക് മുന്നിൽ തുറന്നു വരുന്നു.

## വിവരങ്ങൾ സ്ക്രീൻ ഷോട്ട് രീതിയിൽ

ആവശ്യമായ വിവരങ്ങൾ ടൈപ്പ് ചെയ്ത് സെർച്ച് ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു അക്ഷരത്തിൽ തുടങ്ങുന്ന മുഴുവൻ ലേഖനങ്ങളും കാണാനുള്ള സൗകര്യവും മലയാളം വിക്കിപീഡിയയിലുണ്ട്. പ്രധാന താളിൽ കാണുന്ന ചതുരത്തിൽ ആരോഹണ ക്രമത്തിലുള്ള മലയാള അക്ഷരങ്ങളിൽ ഏത് അക്ഷരം ക്ലിക്ക് ചെയ്താലും ആ അക്ഷരം കൊണ്ട് തുടങ്ങുന്ന മുഴുവൻ ലേഖനങ്ങളും നമുക്ക് കാണാം.

## ലേഖനങ്ങൾ തിരുത്തൽ

ഓരോ ലേഖനത്തിന്റേയും താഴെ ഭാഗത്ത് കാണുന്ന തിരുത്തുക എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓരോ ലേഖനത്തിലും ആവശ്യമായ തിരുത്തലുകൾ നടത്താം. പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുകയും ആവാം. എന്നാൽ, ഉള്ള വിവരങ്ങൾ നശിപ്പിക്കാൻ പറ്റില്ല. ഒരു ലേഖനത്തിന്റെ ഓരോ തിരുത്തലുകളും 'നാൾവഴി' എന്ന ലിങ്കിൽ കാണാൻ സാധിക്കും.

## അംഗത്വം നേടാം

പുതിയ ലേഖനങ്ങൾ എഴുതുന്നതിനും സംശയങ്ങൾക്കു മറുപടി ലഭിക്കുന്നതിനുമായി വിക്കിപീഡിയയിൽ അംഗത്വമെടുക്കണം. ഒരു ഉപയോക്തൃനാമവും രഹസ്യവാക്കും ഇ മെയിൽ ഐ ഡിയും മാത്രമാണ് ഇതിനാവശ്യം. പ്രധാന താളിന്റെ മുകൾഭാഗത്ത് വലതുവശത്തായി കാണുന്ന അംഗത്വമെടുക്കുക എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ വരുന്ന അപേക്ഷാ ഫോമിൽ വേണ്ട കാര്യങ്ങൾ നൽകുന്നതോടെ നിങ്ങളും വിക്കിപീഡിയയിൽ അംഗമാകും. അംഗത്വം നേടിക്കഴിഞ്ഞാൽ നിങ്ങളുടെ ഇ മെയിൽ വിലാസത്തിലേക്ക് വിക്കിപീഡിയയിൽ നിന്നുള്ള അനുമോദന സന്ദേശം വരുന്നതാണ്.

## ലേഖനം തുടങ്ങാം

പ്രധാന താളിന്റെ ഇടതുവശത്തായി കാണുന്ന 'ലേഖനം ആരംഭിക്കുക' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ വിക്കിപീഡിയ കളരി എന്ന താൾ തുറന്ന് വരും. ഇവിടെ നിങ്ങൾ എഴുതാൻ പോകുന്ന ലേഖനം ഇതിലുണ്ടോ എന്ന് പരിശോധിക്കാനുള്ള ഇടമാണ് . ലേഖനത്തിന്റെ തലക്കെട്ട് ടൈപ്പ് ചെയ്ത് അമർത്തിയാൽ ഈ ലേഖനം വിക്കിയിൽ ഉണ്ടോ ഇല്ലയോ എന്ന കാര്യം തെളിഞ്ഞു വരുന്നതാണ്. ഇല്ലെങ്കിൽ ലേഖനം തുടങ്ങുക എന്ന ബട്ടണിൽ അമർത്തി നിങ്ങൾക്ക് ലേഖനം ആരംഭിക്കാവുന്നതാണ്. ലേഖനം ഫോർമാറ്റ് ചെയ്യാനുള്ള നിർദേശങ്ങൾ 'എഡിറ്റിംഗ് വഴികാട്ടി' എന്ന ലിങ്കിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ലേഖനം പൂർത്തിയായ ശേഷം 'സേവ് ചെയ്യുക' എന്ന ബട്ടണിൽ അമർത്തുന്നതിലൂടെയാണ് ലേഖനമെഴുത്ത് പൂർത്തിയാകുന്നത്. ഇത് പിന്നീട് ധാരാളം വിക്കിപീഡിയ വളണ്ടിയർമാർ പരിശോധിച്ച ശേഷമാണ് വിക്കിയിലെ ആധികാരിക ലേഖനമായി മാറുന്നത്.

വിക്കിപീഡിയയുമായി ബന്ധപ്പെട്ട എന്തെങ്കിലും സംശയം നിങ്ങൾക്കുണ്ടെങ്കിൽ അത് മറ്റ് വിക്കിപീഡിയ വളണ്ടിയർമാരുമായി ചർച്ച ചെയ്ത് പരിഹരിക്കാനുള്ള അവസരവും വിക്കിപീഡിയയിലുണ്ട്.

mlwikilist.org എന്ന ഇ മെയിൽ വിലാസത്തിൽ നിങ്ങളുടെ സംശയങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ ടൈപ്പ് ചെയ്ത് ഇ മെയിൽ ചെയ്താൽ നിങ്ങളുടെ ചോദ്യത്തിനുള്ള ഉത്തരവും അതുമായി ബന്ധപ്പെട്ട വിവരങ്ങളും ചർച്ചകളും വിവിധ വിക്കിപീഡിയ വളണ്ടിയർമാർ നിങ്ങളുടെ ഇ മെയിൽ വിലാസത്തിലേക്ക് അയക്കുന്നതാണ്. ഇക്കാരണം കൊണ്ടു തന്നെ വലിയ ഒരു സൗഹൃദ കൂട്ടായ്മയും ഉണ്ടാക്കാം. ഇതിലൂടെ ഒരു സൗഹൃദ വിജ്ഞാന കോശമായിത്തീരുകയാണ് മലയാളം വിക്കിപീഡിയ.

ഏതെങ്കിലും വെബ് ബ്രൗസർ തുറന്ന ശേഷം (eg:Internet explorer, Mozilla firefox, opera, Google chroma ) അഡ്രസ്സിൽ ബാറിൽ www.mlwikipedia.org ടൈപ്പ് ചെയ്ത് Enter അമർത്തുക.